# ആലപ്പുഴ ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ : എ.അലക്സാണ്ടർ ഐ.എ.എസ്)

ജി4-11330/2018 (I)

തീയതി : 11.01.2022

വിഷയം :- ഭൂമി ഏറ്റെടുക്കൽ - ചെങ്ങന്നൂർ താലൂക്ക്- കൈപ്പാലക്കടവ് പാലം നിർമ്മാണം- സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ ശുപാർശയിന്മേൽ തീരുമാനം കൈക്കൊണ്ട് സമുചിത ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

വായന :- 1.ശ്രീമതി.പ്രിൻസി ജേക്കബ്, പറമ്പത്തുശ്ശേരി, ഇടപ്പള്ളി, എറണാകുളം എന്നവർ 10.12.2021 ൽ സമർപ്പിച്ചിട്ടുള്ള സാമൂഹ്യ പ്രത്യാഘാത പഠന അന്തിമ റിപ്പോർട്ട്

2.ഈ കാര്യാലയത്തിലെ 20.12.2021 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം

3.ജില്ലാതല വിദഗ്ധ സമിതിയുടെ 06.01.2022 ലെ റിപ്പോർട്ട്

---

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ കൈപ്പാലക്കടവ് പാലം നിർമ്മാണത്തിന് വേണ്ടി ചെങ്ങന്നൂർ വില്ലേജിൽ നിന്നും 58.99 ആർസ് ഭൂമി, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമ പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി ശ്രീമതി.പ്രിൻസി ജേക്കബ്, പറമ്പത്തുശ്ശേരി, ഇടപ്പള്ളി, എറണാകുളം എന്ന ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിനെ ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതും, ടി യൂണിറ്റ് അന്തിമ പഠന റിപ്പോർട്ടും, സോഷ്യൽ ഇംപാക്ട് മാനേജ്മെൻറ് പ്ലാനും നിർദ്ദിഷ്ട പ്രൊഫോർമയിൽ തയ്യാറാക്കി വായന (1) പ്രകാരം സമർപ്പിച്ചിട്ടുള്ളതുമാണ്.

മേൽ സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വായന (2) പ്രകാരം ജില്ലാതല വിദഗ്ധ സമിതി രൂപീകരിച്ചിരുന്നതും, ടി വിദഗ്ധ സമിതി 05.01.2022-ാം തീയതി യോഗം ചേർന്നിട്ടുള്ളതും, വായന (3) പ്രകാരം ശുപാർശ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

ടി റിപ്പോർട്ട് പരിശോധിച്ചതിൽ, ടി പദ്ധതിക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പൊതു ആവശ്യത്തിന് ഉതകുന്നതാണെന്നും, പദ്ധതിയ്ക്ക് ആവശ്യമായ അളവിൽ മാത്രമേ ഭൂമി ഏറ്റെടുക്കുന്നുള്ളു എന്നും, പദ്ധതി മൂലം പ്രദേശത്തിന് ഉണ്ടായേക്കാവുന്ന നേട്ടങ്ങളും വികസന സാധ്യതകളും കണക്കിലെടുക്കുമ്പോൾ, ഭൂമി ഏറ്റെടുക്കൽ മൂലം കുറഞ്ഞ പ്രത്യാഘാതങ്ങളാണ് ഉണ്ടായിട്ടുള്ളതെന്നും എന്നും, ടി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് സമഗ്ര റിപ്പോർട്ടാണെന്നും ജില്ലാതല വിദഗ്ധ സമിതി ശുപർശ ചെയ്തിട്ടുണ്ട്.

2013 ലെ LARR ആക്ട് സെക്ഷൻ 8 (1),(2) പ്രകാരം ജില്ലാതല വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചതിൽ, ടി പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ ഒരു പൊതുആവശ്യമാണെന്നും, പദ്ധതിയ്ക്ക് ആവശ്യമായ അളവിൽ മാത്രമേ ഭൂമി ഏറ്റെടുക്കുന്നുള്ളൂ എന്നും, ചുരുങ്ങിയ ഒഴിപ്പിക്കൽ മാത്രമാണ് ആവശ്യമുള്ളതെന്നും, പദ്ധതി മൂലം പ്രദേശത്തിന് ഉണ്ടാകുവാനിടയുള്ള നേട്ടങ്ങളും വികസന സാധ്യതയും കണക്കിലെടുക്കുമ്പോൾ, ഭൂമി ഏറ്റെടുക്കൽ മൂലമുള്ള സാമൂഹ്യ പ്രത്യാഘാതവും സാമൂഹ്യ ചെലവും വളരെ കുറവാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൈപ്പാലക്കടവ് പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ വില്ലേജിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 58.99 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), ആലപ്പുഴയ്ക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

2013 ലെ LARR ആക്ട് സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനത്തിന്റെ കരട്, പുനരധിവാസ പാക്കേജിന് അർഹരായ ഭൂവുടമകളുടെ വിശദമായ വിവരങ്ങൾ, അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്, സബ്ഡിവിഷൻ സ്കെച്ച് എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നതിന് ലാൻറ് അക്വിസിഷൻ ഓഫീസ്സർ ആയ സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), ആലപ്പുഴയെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

ജില്ലാ കളക്ടർ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ)

<u>പകർപ്പ്</u>

1. സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), ആലപ്പുഴ -(LARR ആക്ട് സെക്ഷൻ 8(3), LARR റൂൾ 17(2) എന്നിവ പ്രകാരം ഉത്തരവിന്റെ പകർപ്പ് നിയമാനുസൃതം പരസ്യപ്പെടുത്തേണ്ടതും (ജില്ലാ കളക്ടറുടെ ഓഫീസ്സ് ഒഴികെ), സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുമാണ്)
2. ജില്ലാ ഇൻഫർമാറ്റിക്ക് ഓഫീസർ, എൻ.ഐ.സി, ആലപ്പുഴ - (ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്)
3. ഹുസ്സൂർ ശിരസ്തദാർ, കളക്ടറേറ്റ്, ആലപ്പുഴ - ഇതോടൊപ്പമുള്ള ഉത്തരവ് നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തി സാക്ഷ്യപത്രം നൽകേണ്ടതാണ്.
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്(പാലം വിഭാഗം), ആലപ്പുഴ (അറിവിലേയ്ക്കായി)
5. കരുതൽ ഫയൽ